**<u>വളരെ അടിയന്തിരം</u>**

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/35904/2014 | തൈക്കാട്, തിരുവനന്തപുരം
തീയതി: 23/02/2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) ഫെബ്രുവരി 2015 – MIS മുഖാന്തിരം ഹാൾ ടിക്കറ്റ് ലഭിച്ച ഒന്നാം സെമസ്റ്റർ ട്രെയിനികളുടെ പ്രാക്ടിക്കൽ പരീക്ഷാ കേന്ദ്രം അറിയിക്കുന്നത് സംബന്ധിച്ച്

2015 ഫെബ്രുവരി മാസത്തിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ (റഗുലർ) ട്രെയിനികളുടെ ഹാൾ ടിക്കറ്റ് MIS മുഖേനയാണ് ലഭിച്ചത്. ടി ഹാൾ ടിക്കറ്റുകളിൽ എഴുത്ത് പരീക്ഷാ കേന്ദ്രത്തിൽ വച്ച് തന്നെയാണ് പ്രാക്ടിക്കൽ പരീക്ഷയും നടത്തുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി പ്രിൻസിപ്പാൾമാർ അറിയിച്ചിരിക്കുന്നു. MIS PORTAL ൽ ഓരോ സ്ഥാപനത്തിൻെറയും എഴുത്ത് പരീക്ഷാ കേന്ദ്രവും പ്രാക്ടിക്കൽ പരീക്ഷാ കേന്ദ്രവും പ്രത്യേകം രേഖപ്പെടുത്താൻ സംവിധാനം ഇല്ലാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചത്. **<u>ടി ട്രെയിനികളുടെ പ്രാക്ടിക്കൽ പരീക്ഷാ കേന്ദ്രം അവർ ട്രെയിനിംഗ് നേടിയ ഐ.ടി.ഐ. കളിൽ വച്ച് തന്നെ നടത്തുന്നതായിരിക്കും. ട്രെയിനികളുടെ എണ്ണം ഏഴോ ഏഴിൽ കുറവോ ആണെങ്കിൽ ടി ട്രെയിനികളുടെ പരീക്ഷാ കേന്ദ്രം സമീപത്തുള്ള നോഡൽ/സർക്കാർ ഐ.ടി.ഐ. കളിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇതിൻെറ വിശദ വിവരങ്ങൾ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാവുന്നതാണ്..</u>** ടി വിവരം എല്ലാ സ്ഥാപന മേധാവികളും ട്രെയിനികളെ അടിയന്തിരമായി അറിയിക്കേണ്ടതാണ്. കൂടാതെ ഡി.ജി.ഇ.റ്റി. അറിയിച്ചിട്ടുള്ള പുതുക്കിയ പ്രാക്ടിക്കൽ പരീക്ഷയുടെ ടൈം ടേബിളും ട്രെയിനികളെ അറിയിക്കേണ്ടതാണ്. ഇതിൽ എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരെ ബന്ധപ്പെടേണ്ടതാണ്. **ടി വിവരം എല്ലാ ട്രെയിനികളെയും അറിയിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഇൻസ്പെക്ടർ**

**ഓഫ് ട്രെയിനിംഗുമാരും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും ഉറപ്പാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.**

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം

ഡി.ജി.ഇ.റ്റി. പുതുക്കിയ ടൈം ടേബിളിന്റെ പകർപ്പ്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും